ബസ്സ് ലഭിക്കുമ്പോഴും ആ സർവ്വീസുകളും വീണ്ടും പുനരാരംഭിക്കും. കാസർകോട് സബ് ഡിപ്പോയിലേക്ക് 12 സർവ്വീസുകളും മാറ്റിയെങ്കിലും അവ ഓടിയിരുന്ന റൂട്ടുകളിലേക്ക് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. സർവ്വീസ് നടത്തിപ്പിന്റെ സൗകര്യത്തിനുവേണ്ടിയാണ് ഇവ കാസർകോട്ടേക്ക് മാറ്റിയത്. അവിചാരിതമായി ഉണ്ടാകുന്ന തകരാറുകളുമൂലം ചില സർവ്വീസുകളും അപൂർവ്വമായി റദ്ദ് ചെയ്യേണ്ടിവരുന്നു. ഇന്നിപ്പോൾ 44 ബസ്സുകളും അവിടെയുണ്ട്. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ഇവിടെ പറഞ്ഞ പയ്യന്നൂർ ഡിപ്പോയെ ഒരു കാരണവശാലും അവഗണിക്കുകയില്ല. ഉരുട്ടുന്നസമ്പ്രദായവും അനുവദിക്കുകയില്ല എന്നു ഞാൻ സഭക്ക് ഉറപ്പു നൽകുകയാണ്.

(41) കായംകുളം പോലീസ് സ്റ്റേഷൻ കയ്യേറ്റം

ശ്രീ. ബേബിജോൺ : അങ്ങയുടേയും സഭയുടേയും ശ്രദ്ധയിൽ വളരെ ഗൗരവതരമായ ഒരു കാര്യം ഒരു സബ്മിഷൻരൂപേണയാണെങ്കിലും കൊണ്ടു വരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാന നിലയാകെ തകരുന്ന ഭീതിജനകമായ ഒരന്തരീക്ഷം ഈ സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്നുവോ എന്ന് ഞാൻ ഭയപ്പെടുന്നു. ഗവൺമെന്റ് ആഫീസുകളും കൈയ്യേറുക, പോലീസ് സ്റ്റേഷൻ കയ്യേറുക, ഇന്നലെ കായംകുളം പോലീസ് സ്റ്റേഷൻ ഒരു വിഭാഗം ആളുകൾ കയ്യേറി. ഞാൻ അറിഞ്ഞത് കോൺഗ്രസ്(എ)-യിലെ ഒരു വിഭാഗം എന്നാണ്. അവർ മണിക്കൂറുകളോളം ആ പോലീസ് സ്റ്റേഷൻ കൈയടക്കിവച്ചിരുന്നു. അത് ചെറുക്കാനെ ശ്രമിച്ച ഹെഡ്കോൺസ്റ്റബിളിനെ കൈയേറ്റം ചെയ്തു എന്നാണ് അറിയുന്നത്. പോലീസ് ഇൻസ്പെക്ടറേയും മറ്റ് പോലീസുകാരേയും ആ പോലീസ് സ്റ്റേഷനിൽനിന്ന് പിടിച്ചുമാറ്റി പുറത്തുകൊണ്ടുപോയി നിർത്തി. ഈ കൈയ്യേറ്റം ചെയ്ത ആളുകൾ കോൺഗ്രസ് ഐ-യിലെ ഒരു വിഭാഗം ആളുകളാണ് അവർ അവിടെ നിന്ന് മുദ്രാവാക്യം വിളിച്ചു, മുദ്രാവാക്യം എന്തും വിളിക്കുന്നതിന് എനിക്ക് വിരോധമില്ല, അവർ കരുണാകരൻ സിന്ദാബാദ് എന്നു വിളിച്ചു, നല്ല കാര്യം! അതിൽനിന്നാണ് കക്ഷി മനസ്സിലായത്. ശ്രീ. വയലാർ രവി രാജി വച്ചല്ലാതെ ഈ പോലീസ് സ്റ്റേഷൻ വിട്ടുകൊടുക്കുകയില്ല എന്നാണ് അവർ പറഞ്ഞത്. വളരെനേരം നിന്നു. ഇങ്ങനെ ആര് കൈയ്യേറിയാലും അത് മോശമാണ് എന്ന കാര്യത്തിൽ തർക്കമില്ലല്ലോ ? ഇന്നലെ ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് രേണുകക്ഷിയിലെ അംഗങ്ങളുടെയിടയിൽ വിദ്യാർത്ഥി വിഭാഗത്തിന്റെ ഇടയിലുള്ള വഴക്കുകൾ വർദ്ധിച്ച് ക്രമസമാധാന പാലനത്തിന് തടസ്സമുണ്ടാകാൻ പോകുന്നു, സൂക്ഷിക്കണം എന്ന മുന്നറിയിപ്പ് നൽകിയിട്ടും ഇന്നലെ കായംകുളം പോലീസ് സ്റ്റേഷൻ കൈയേറി. ഇത് ആദ്യമാണ് എന്നാണ് തോന്നുന്നത്, പണ്ടെങ്ങോ നക്സലൈറ്റ് ഇങ്ങനെ ഒരു സംഭവം ഉണ്ടാക്കിയിട്ടുണ്ട്. അല്ലാതെ പോലീസ് സ്റ്റേഷൻ മണിക്കൂറുകളോളം കയ്യേറി വച്ചേക്കുക, പോലീസ് ഇൻസ് പെക്ടറെ പിടിച്ചു കെട്ടിയില്ല, അത് ഞാൻ സമ്മതിച്ചു, ഇൻസ്പെക്ടറേയും പോലീസുകാരേയും പുറത്ത് മാറ്റി നിർത്തിയിരിക്കുക! അനിയന്ത്രിതമായി ഈ സംഭവം ഇങ്ങനെ ഉണ്ടായാൽ നാം എങ്ങോട്ട്, നമ്മുടെ സംസ്ഥാനം എങ്ങോട്ട് ? വീട്ടിൽ ഭയാശങ്കകളും കൂടാതെ കിടന്നുറങ്ങാൻ സാധിക്കുമോ ? റോഡിൽകൂടി നടക്കാൻ സാധിക്കുമോ ? പോലീസ് സ്റ്റേഷനിൽ കയറുക, പോലീസ് സ്റ്റേഷൻ കയ്യടക്കുക, പോലീസുകാരൻ നോക്കി നിൽക്കുക! രേണുകക്ഷിക്കാർ തമ്മിലുള്ള വഴക്ക് പോലീസ് സ്റ്റേഷൻ കൈയ്യേറുവാനുള്ള അവസരമാക്കി മാറ്റുന്നത് നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാനനില അപകടപ്പെടുത്തത്തക്ക രീതിയിൽ വളർന്നുവരുന്നു എന്നുള്ളതുകൊണ്ടാണ് അങ്ങയു

LIBRARY ARCHIVES Kerala Legislative Assembly

ടേയും സഭയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ പെടുത്തിയത്. ഇത് ഇപ്പോഴേ തടഞ്ഞേ മതിയാകൂ. തടഞ്ഞില്ലെങ്കിൽ ആപത്താണ് എന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നിയമസമാധാനനില ഉത്കണ്ഠാജനകം ആണ് എന്നുള്ളത് അടിസ്ഥാനരഹിതമാണ്. പക്ഷേ ഏത് പാർട്ടിയിൽപെട്ട ആരായാലും ശരി, ആരുടെ പേരിലായാലും ശരി പോലീസ് സ്റ്റേഷൻ കൈയേറാനോ, ആക്രമിക്കാനോ ഉള്ള നടപടികളെ മാത്രമല്ല നിയമത്തിന്റെ വാഴ്ചക്ക് കോട്ടം തട്ടുന്ന ഏത് നടപടി ആര് സ്വീകരിച്ചാലും അത് ഗവൺമെന്റ് കർശനമായി തടയുകയും ആവശ്യമായ നടപടികളെ സ്വീകരിക്കുകയും ചെയ്യുമെന്ന് വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(ബഹളം)

ശ്രീ. ഇ. കെ. നായനാർ : കരുണാകരൻ സിന്ദാബാദ് എന്നു വിളിച്ചിട്ട് പോലീസ് സ്റ്റേഷനിൽ കയറിയത് ആരാണ്? ഈ കൈയ്യേറ്റക്കാരെ നിങ്ങളുടെ പാർട്ടിയിൽനിന്ന് പുറത്താക്കാൻ തയ്യാറുണ്ടോ? ഇവിടെവച്ച് സൽപ്രസംഗം ഒന്നും നടത്തേണ്ട ആവശ്യമില്ല, നടപടി എടുക്കാൻ തയ്യാറുണ്ടോ? അത്തരം ഗൗരവമായ സംഭവം, നിയമസമാധാനം അപകടപ്പെടുത്തത്തക്ക വിധത്തിൽ നിങ്ങളുടെ പാർട്ടി തുടർന്നുവരുന്നതുകൊണ്ട് നിങ്ങളുടെ പാർട്ടിയിൽ നിന്ന് അവരെ പുറത്താക്കാൻ തയ്യാറുണ്ടോ? എം. എൽ. എ. ക്വാർട്ടേഴ്സിന്റെ മുമ്പിൽ നടന്നതും ഇതിന്റെ ഒരാവർത്തനമാണ്. ഇതിന് നടപടി എടുക്കണം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഈ ഗവൺമെന്റിന്റെ പൊതുവായ നയം മുഖ്യമന്ത്രി ഇവിടെ വെളിപ്പെടുത്തുകയുണ്ടായി.

മി. സ്പീക്കർ : ശ്രീ. ബേബിജോൺ ഇവിടെ ഉന്നയിച്ച ഈ പ്രശ്നം അടിയന്തിരപ്രമേയം സബ്മിഷനാക്കി മാറ്റി പറഞ്ഞതാണ്. അതിനെ സംബന്ധിച്ച് ക്ലാരിഫിക്കേഷൻ പ്രതിപക്ഷ നേതാവ് ചോദിച്ചു.

ശ്രീ. വയലാർ രവി : ബഹുമാനപ്പെട്ട മെമ്പർമാർ ചോദിച്ചത് സംഭവം എന്താണെന്നാണ്. ഇന്നലെ പതിനൊന്നു മണിയോടുകൂടി (ബഹളം) അവിടത്തെ കോളേജുകളിലുള്ള വിദ്യാർത്ഥികൾ പഠിപ്പ് മുടക്കി ജാഥയായി പോയി. ഇരുപത്തിയൊൻപതോളം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. അതിൽ ഒരു വിദ്യാർത്ഥി തിരുവനന്തപുരം ലാകോളേജിലെ വിദ്യാർത്ഥിയായിരുന്നു എന്നത് ശരിയാണ്. ആ വിദ്യാർത്ഥികൾ പോലീസ് സ്റ്റേഷന്റെ കോമ്പൗണ്ടിനുള്ളിൽ ധർണ നടത്തുകയുണ്ടായി. ഇന്നലെ തിരുവനന്തപുരത്തുണ്ടായ സംഭവത്തിൽ പ്രതിഷേധിച്ചാണ് അവർ ധർണ നടത്തിയത്. കായംകുളം പോലീസ് സ്റ്റേഷന്റെ കോമ്പൗണ്ടിനു അധികം വിസ്തീർണ്ണമില്ലായെന്നുള്ളത് ശരിയാണ്. കോമ്പൗണ്ടിനകത്തു കയറിയാണ് അവർ മുദ്രാവാക്യം വിളിച്ചത്. അവിടെ കുറച്ച് പോലീസുകാരെ ഉണ്ടായിരുന്നുള്ളു. അപ്പോൾതന്നെ മേലുദ്യോഗസ്ഥൻമാർ സ്ഥലത്തെത്തുകയും അവരെ അറസ്റ്റ് ചെയ്യുകയും കേസ് എടുക്കുകയും ചെയ്തു. അവരെ ജാമ്യത്തിലാണ് വിട്ടിരിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് അവർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. യാതൊരു കാരണവശാലും നടപടികൾ എടുക്കാതിരിക്കുകയില്ല. അവിടെ എസ്. ഐ. യും കുറച്ച് പോലീസുകാരുമേ ഉണ്ടായിരുന്നുള്ളു. സ്വാഭാവികമായും ഒരു ജാഥയിൽ പെട്ടയാളുകളായതുകൊണ്ട് കൂടുതൽ പോലീസുകാർ അവിടെ ചെല്ലേണ്ടത് ആവശ്യമാണ്. അവരെ അറസ്റ്റു ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

മാറി എഫ്. ഐ. ആർ. തയ്യാറാക്കാനുള്ള സമയമെ എടുത്തുള്ളു. അതു മാത്ര മല്ല മുഖ്യമന്ത്രി പറഞ്ഞത്.....(ബഹളം) സമരങ്ങൾ നടത്തുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകും. അപ്പോൾ പോലീസ് വളരെ.....

മി. സ്പീക്കർ : ഏത് തരം വിദ്യാർത്ഥികൾ ആണെന്ന് അങ്ങേക്ക് അറിയാമെങ്കിൽ പറയൂ.

ശ്രീ. വയലാർ രവി : അവിടെ പഠിപ്പ് മുടക്കിയ വിദ്യാർത്ഥികൾ

(ബഹളം)

മി. സ്പീക്കർ : അങ്ങേക്ക് അറിയാമെങ്കിൽ അത് ഏത് വിഭാഗം വിദ്യാർത്ഥികളാണെന്ന് തുറന്നു പറയൂ.

ശ്രീ. വയലാർ രവി : കെ. എസ്. യു. (ഐ) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. ഈ സഭക്ക് ഒരു കാര്യം ഉറപ്പു തരേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് മുഖ്യമന്ത്രി ആദ്യമേ ഗവൺമെൻറിന്റെ നിലപാട് വ്യക്തമാക്കിയത്. അത് ആവർത്തിച്ച് പറയുക മാത്രമാണ് ചെയ്യുന്നത്. ഏതു തരത്തിലും നിയമവാഴ്ച തടസ്സപ്പെടുത്താനോ നിയമം കയ്യിലെടുക്കാനോ പോലീസ് സ്റ്റേഷനിലോ മറ്റ് ഗവൺമെൻറ് സ്ഥാപനങ്ങളിലോ അക്രമം നടത്താനോ, ഏത് തരത്തിലുള്ള പ്രകടനം നടത്താനോ, പോലീസ് സ്റ്റേഷനുള്ളിൽ കടന്ന് ബഹളം വയ്ക്കാനോ ഉള്ള ഒരു നടപടിക്കും പോലീസ് സമ്മതിക്കുകയില്ല. ഏതെങ്കിലും കൃത്യവിലോപം ഉദ്യോഗസ്ഥൻമാർ കാണിക്കുന്നുവെങ്കിൽ ആ ഉദ്യോഗസ്ഥൻ സമാധാനം പറയണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും കാണിക്കുകയില്ല. നിയമ സമാധാനം പാലിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്, അതിന് അദ്ദേഹം നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(42) പി. എ. സി. റിപ്പോർട്ടിനെ സംബന്ധിച്ച് ജലസേചന വകുപ്പുമന്ത്രി ചെയ്തതായി പറയപ്പെടുന്ന പ്രസ്താവന

ശ്രീ എം. വി. രാഘവൻ : സർ, ഇന്നത്തെ മാതൃഭൂമി പത്രത്തിൽ പി. എ. സി. റിപ്പോർട്ടിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട എം. പി. ഗംഗാധരന്റെ ഒരു സ്റ്റേറ്റുമെൻറ് കാണാനിടയായി. ആ സ്റ്റേറ്റ്മെൻറിൽ പറയുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് വസ്തുതകൾ ആരായാതെയാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഈ നിഗമനത്തിൽ എത്തിയിരിക്കുന്നത് എന്നാണ്. ഇത് തികച്ചും രാഷ്ട്രീയ പ്രേരിതമാണെന്ന് ശ്രീ. എം. പി. ഗംഗാധരൻ പ്രസ്താവിച്ചുവെന്നാണ് പറയുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയെപ്പറ്റി പറഞ്ഞിട്ടുള്ള ഈ ആരോപണം വളരെ ഗൗരവമുള്ളതാണ്. അത് പി. എ. സി. യെ അപമാനിക്കാൻ മാത്രമല്ല ഈ സഭയെ തന്നെ അവഹേളിക്കലാണ്. കേരളത്തിലോ, ഇൻഡ്യയിലോ, മറ്റേതെങ്കിലും ജനാധിപത്യ രാജ്യത്തിലോ ഇങ്ങനെയുള്ള ഒരു കമ്മിറ്റിയെ അപമാനിക്കത്തക്കനിലയിൽ സ്റ്റേറ്റ്മെൻറ് നടത്തിയതായി എന്റെ അറിവിൽ പെട്ടിടത്തോളം ഇല്ല. ഇത് അത്രയും ഗൗരവതരമായിട്ടുള്ള കാര്യമാണ്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കഴിഞ്ഞമാസം 25-ാം തീയതി കല്പ്പടയിൽ പോയിയെന്നത് ശരിയാണ്. അവിടെ പോയി പരിശോധിച്ചു. പ്രതിപക്ഷത്തുള്ള മെമ്പർമാർ മാത്രമല്ല പി. എ. സി.യിലുള്ളത്. അപ്പുറത്തിരിക്കുന്ന ശ്രീ. രാമചന്ദ്രൻമാസ്റ്ററും

LIBRARY ARCHIVES Kerala Legislative Assembly